പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1143** 30.01.2018- ൽ മറുപടിക്ക്

**പട്ടാമ്പി പുലാമന്തോൾ റോഡ് പുനർനിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മുഹമ്മദ് മുഹസിൻ പി.** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടാമ്പി പുലാമന്തോൾ റോഡ് പുനർനിർമ്മാണം നടത്തുന്നതിനായി അവസാനമായി ടെണ്ടർ ക്ഷണിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ; ടെണ്ടർ തുക എത്രയായിരുന്നുവെന്നും ആരാണ് ടെണ്ടർ എടുത്തതെന്നും കരാറുകാരൻ എന്നാണ് പണി പൂർത്തിയാക്കിയതെന്നും വെളിപ്പെടുത്താമോ; | (എ) | പട്ടാമ്പി - പുലാമന്തോൾ റോഡ് പുനർ നിർമ്മാണത്തിന് അവസാനമായി ടെണ്ടർ നടന്നത് 10.01.2012-ലാണ്. ടെണ്ടർ തുക 9,52,24,620/- (ഒമ്പത് കോടി അമ്പത്തി രണ്ട് ലക്ഷത്തി ഇരുപത്തി നാലായിരത്തി അറുന്നൂറ്റി ഇരുപത് രൂപ) രൂപയാണ്. M/s. Kudroli Construction Company Pvt. Ltd., Goa എന്ന സ്ഥാപനമാണ് ടെണ്ടർ എടുത്തത്. പ്രവൃത്തി 20.08.2012-ൽ തുടങ്ങുകയും 18.02.2015-ൽ പൂർത്തീകരിക്കുകയും ചെയ്തു. |
| (ബി) | റോഡിന്റെ ഗ്യാരണ്ടി പിരീഡ് എന്നാണ് അവസാനിച്ചതെന്നറിയിക്കുമോ; കരാറുകാരന് തുക നൽകിയതിന്റെ വിശദവിവരങ്ങളും ലഭ്യമാക്കാമോ; | (ബി) | പൂർത്തീകരണ തീയതി മുതൽ 18 മാസമാണ് പ്രവൃത്തിയുടെ ഗ്യാരണ്ടി പിരിയഡ്. കരാറുകാരന് നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.<br>പ്രവൃത്തിയുടെ ആകെ തുക – 5,24,05,034/-<br>ബിറ്റുമിൻ എച്ച്.ആർ തുക – 4,42,04,089/-<br>**ആകെ - 9,66,09,123/- രൂപ** |
| (സി) | ഇപ്പോൾ റോഡ് പുനർ നിർമ്മാണം നടത്തിയത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പുനർ നിർമ്മാണത്തിന് സർക്കാരിൽ നിന്നും ഫണ്ട് ചെലവഴിച്ചിട്ടുണ്ടോ; | (സി) | പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 10.10.2017-ന് ചേർന്ന യോഗ തീരുമാനപ്രകാരമാണ് കരാറുകാരൻ അറ്റകുറ്റപ്പണികൾ നടത്തിയത്. ആയതിന് സർക്കാർ ഫണ്ട് ചെലവഴിച്ചിട്ടില്ല. |
| (ഡി) | തകർന്ന നിലയിലായ ഈ റോഡ് പൂർണമായും പുനർനിർമ്മിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | (ഡി) | കരാറുകാർ കാട്ടിയ വീഴ്ച കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. ഇക്കാര്യത്തിലുള്ള അന്വേഷണം പൂർത്തിയാവണം. അതിനു ശേഷം തീരുമാനിക്കണം. |

സെക്ഷൻ ഓഫീസർ